പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1441 16-10-2026-ൽ മറുപടിയ്ക്ക്

വിഷരഹിതവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികളും പഴവർഗങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ജി. സുധാകരൻ	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) വിഷരഹിതവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികളും പഴവർഗങ്ങളും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പുതിയ പദ്ധതികളും പരിപാടികളും ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

മറുപടി: വിഷരഹിതവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിലൂടെ ഘട്ടം ഘട്ടമായി പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധ്യമായിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതി

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടു കൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ നടപ്പിലാക്കി.

പോഷക സമൃദ്ധി മിഷൻ

പോഷക സമൃദ്ധവും, സുരക്ഷിതവുമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനും, മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷൻ സഹായകരമായിട്ടുണ്ട്. പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എന്നീ വിളകൾ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വിളകളുടെ

വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും വിവിധ കേന്ദ്ര- സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ഞങ്ങളും കൃഷിയിലേക്ക്

സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് **"ഞങ്ങളും കൃഷിയിലേക്ക്".**

"ഞങ്ങളും കൃഷിയിലേക്ക്" നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി എല്ലാ ജില്ലകളിലും അവബോധ ക്ലാസ്സുകൾ, ക്യാമ്പയിന്റെ പ്രചരണാർത്ഥം വിളമ്പര ജാഥ, വിത്തു വണ്ടി യാത്ര, കലാജാഥ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് കാർഷിക ക്വിസ് പരിപാടികൾ , കൃഷിയുമായി ബന്ധപ്പെട്ട കുട്ടികൾക്കുള്ള ചിത്ര രചന മത്സരങ്ങൾ, നഗര പ്രദേശങ്ങളിൽ ഫ്ലാഷ് മോബ്, എന്നിവ സംഘടിപ്പിച്ചു. ഇതിലൂടെ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, യുവജനങ്ങൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമാക്കാൻ കഴിഞ്ഞു. കൂടാതെ കർഷകർക്കു കൃഷി സംബന്ധമായ സംശയങ്ങൾ/പ്രശ്നങ്ങൾ അതിവേഗത്തിൽ ദൂരികരിക്കുന്നതിനായി വാട്സ്അപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉദ്യോഗസ്ഥർ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുയും ചെയ്തിട്ടുണ്ട്.

ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി", ഇതിലൂടെ ഓണക്കാലത്ത് സുരക്ഷിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുവാൻ സാധ്യമാകുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്.

കൂടാതെ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) എന്നീ പദ്ധതികളിലൂടെ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം കുറയ്ക്കുക, സുരക്ഷിത ഭക്ഷ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് സാമ്പത്തിക സഹായവും സാങ്കേതിക പിന്തുണയും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജൈവവളങ്ങളുടെയും ജൈവ കീടനിയന്ത്രണ ഉപാധികളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് പരിശീലനവും സാങ്കേതിക മാർഗനിർദേശവും നൽകുക, ജൈവ സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുക, ജൈവ ഉൽപ്പന്നങ്ങൾക്ക് വില പ്രോത്സാഹനവും വിപണന പിന്തുണയും നൽകുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. Keralagro-Organic, Keralagro-Green എന്നീ ബ്രാൻഡുകളിലൂടെ സുരക്ഷിതവും ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ചതുമായ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവും പ്രോത്സാഹിപ്പിക്കുന്നു.

കൂടാതെ, കർഷക കൂട്ടായ്മകളിലൂടെ സുരക്ഷിത പച്ചക്കറികളുടെയും പഴവർഗങ്ങളുടെയും ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ ഉൽപ്പാദനോപാധികളുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾ മുഖേന സുരക്ഷിത ഭക്ഷ്യോൽപ്പാദനം വർധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

വിഷരഹിതവും സുരക്ഷിതവുമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വി എഫ് പി സി കെ വഴി 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വാശ്രയ സംഘങ്ങളിലൂടെ പഴം പച്ചക്കറിയുടെ ജൈവ കൃഷി ("Organic farming of fruits and vegetables through SHG's") എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത വർഷങ്ങളിൽ 500 ഹെക്ടർ സ്ഥലത്തുനിന്നും ഏകദേശം 5000 ടൺ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുവാനും കൗൺസിലിന്റെ വിപണന സംവിധാനത്തിലൂടെ ഇവ വിപണനം നടത്തുന്നതിനുള്ള സൗകര്യവും ഒരുക്കാൻ സാധിച്ചു.

(ബി) പ്രസ്തുത പദ്ധതികളുടെ പേര് ആരംഭിച്ച വർഷം പ്രധാന ലക്ഷ്യങ്ങൾ, നടപ്പാക്കുന്ന ഏജൻസികൾ എന്നിവയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

<u>മറുപടി:</u> കൃഷി വകുപ്പും വി.എഫ്.പി.സി.കെ യും മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനബന്ധം-1 ആയി ചേർക്കുന്നു.

(സി) വിഷാംശ അവശിഷ്ട പരിശോധന, ജൈവകൃഷി, ഗ്രഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്, സുരക്ഷിത പച്ചക്കറി-പഴ ഉൽപ്പാദനം എന്നിവയ്ക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

<u>മറുപടി:</u> വിഷാംശ അവശിഷ്ട പരിശോധന, ജൈവകൃഷി, ഗ്രഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്, സുരക്ഷിത പച്ചക്കറി-പഴ ഉൽപ്പാദനം എന്നിവയ്ക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് അനബന്ധം -2 ആയി ചേർക്കുന്നു.

(ഡി) കർഷക ക്ലസ്റ്ററുകൾ കൃഷിക്കൂട്ടങ്ങൾ സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവ മുഖേന വിഷരഹിത പച്ചക്കറി-പഴ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും അതിലൂടെ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളുടെ അളവും വിപണന സംവിധാനവും വിശദീകരിക്കാമോ;

<u>മറുപടി:</u> കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ കർഷക ക്ലസ്റ്ററുകൾ കൃഷിക്കൂട്ടങ്ങൾ സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവ മുഖേന വിഷരഹിത പച്ചക്കറി-പഴ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 100/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങൾ അടങ്ങിയ സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന ഒരു കോടി സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തി വരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 10/- രൂപ വില വരുന്ന 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 13 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വില വരുന്ന 0.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ദീർഘകാല വിളകളായ അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നിവയുടെ 15/- രൂപ വില വരുന്ന 0.27 ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിയ്ക്കായി ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി (5000/- രൂപയുടെ ഒരു യൂണിറ്റിന് 3750 രൂപ സബ്സിഡി) നിരക്കിൽ ആനുകൂല്യം നൽകി വിതരണം നടത്തുന്നു.

ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ പോഷകത്തോട്ടങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതിയിലൂടെ വിഭാവനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 10 മുതൽ 15 വരെ കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് 1.25 ലക്ഷം രൂപ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്. പൊതു അല്ലെങ്കിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള തരിശുഭൂമികളിൽ പച്ചക്കറി കൃഷി നടത്തുന്ന കർഷക ക്ലസ്റ്ററുകൾ, വനിതാ ഗ്രൂപ്പുകൾ, എന്നിവരെയും പദ്ധതിയിൽ പങ്കാളികളാകുന്നു.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകുന്നു.

തദ്ദേശീയവും വിദേശീയവുമായ ഫലവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഫലവർഗ്ഗ വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024-25 മുതൽ നടപ്പിലാക്കുന്ന ഒരു ബൃഹദ് പദ്ധതിയാണ് പഴവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം. പദ്ധതിയുടെ ഭാഗമായി വിവിധ ഇനം ഫലവർഗ്ഗങ്ങളുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്നവരെ ഏകോപിപ്പിച്ച് സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് ശാസ്ത്രീയമായ കൃഷിരീതികളിൽ അവബോധം നൽകി വരുന്നു. പഴം-പച്ചക്കറികളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള വിത്തുകൾ, നടീൽവസ്തുക്കൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ, ജൈവ ഉത്പാദനോപാധികളുടെയും വളങ്ങളുടെയും വിതരണം, വന്യജീവി ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കാൻ സൗരോർജ്ജ വേലി, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശയിലവ്, പുതിയ കർഷക വിപണികൾ തുടങ്ങുന്നതിനും നിലവിൽ ഉള്ളവ ശാക്തീകരിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതി വിഹിതം ലഭ്യാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

കേരളത്തിലെ പഴം പച്ചക്കറി ഉല്പാദനം വർധിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമായി സംസ്ഥാനഹോർട്ടിക്കൾച്ചർ മിഷൻ-കേരള, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, കൈതച്ചക്ക, പപ്പായ, സ്പോബറി, മാവ്, പ്ലാവ്, റംബൂട്ടാൻ, അവോക്കാഡോ, ഡ്രാഗൺഫ്രൂട്ട് മുതലായ ഫലവർഗ്ഗവിളകളുടെയും ഹൈബ്രിഡ് പച്ചക്കറിവിളകളുടെയും കൃഷിവ്യാപനത്തിനായി പ്രോത്സാഹനം നൽകുന്നു.

പച്ചക്കറി കൃഷി മേഖലയിലെ കാര്യക്ഷമമായ ഇടപെടലിലൂടെ ഘട്ടം ഘട്ടമായി പച്ചക്കറി ഉൽപ്പാദനം സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതി 1.22 ലക്ഷം ഹെക്ടറും ഉൽപ്പാദനം 19.106 ലക്ഷം മെട്രിക് ടണ്ണുമായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതി 1.372 ലക്ഷം ഹെക്ടറും ഉൽപ്പാദനം 20.854 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ട്.

പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇക്കോഷോപ്പ്, ആഴ്ച ചന്ത, ക്ലസ്റ്റർ മാർക്കറ്റ്, ബി.എൽ.എഫ്.ഒ. മാർക്കറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. ടി മാർക്കറ്റ് സംവിധാനം മുഖേന കർഷകർക്ക് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം ചെയ്യാവുന്നതാണ്.

VFPCK വഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കർഷകർക്ക് 500 ഹെക്ടറിൽ ജൈവ ഉൽപാദനോപാധികൾ വിതരണം ചെയ്തു. ഇതുവഴി ഉൽപാദിപ്പിക്കുവാൻ സാധിച്ച 5000 ടണ്ണോളം ഉൽപ്പന്നങ്ങൾ VFPCK യുടെ ഇക്കോ ഷോപ്പ് വഴിയും സമിതികൾ മുഖേനയും വിപണനം നടത്തുന്നതിനും, കിലോയ്ക്ക് 2.5 രൂപ നിരക്കിൽ 400 ടൺ ഉൽപ്പന്നത്തിന് കർഷകന് അധിക വില നൽകുവാൻ സാധിച്ചു.

(ഇ) വിപണിയിലെത്തുന്ന പച്ചക്കറികളിലും പഴവർഗങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പരിശോധനകളുടെ എണ്ണം കണ്ടെത്തിയ നിയമലംഘനങ്ങൾ സ്വീകരിച്ച തുടർനടപടികൾ എന്നിവ വർഷംതിരിച്ച് വ്യക്തമാക്കാമോ?

മറുപടി: വിപണിയിലെത്തുന്ന പച്ചക്കറികളിലും പഴവർഗങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി സേഫ്-ടു-ഈറ്റ് എന്ന ഘടകം നടപ്പിലാക്കി വരുന്നു. "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം FSSAI യിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ വിവിധ ജില്ലകളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ചു കീടനാശിനി പരിശോധനക്കായി നൽകുന്നു. ഓരോ മാസത്തെയും റിപ്പോർട്ട് prral@kau.in എന്ന വെബ്സൈറ്റിൽ പിറ്റേ മാസം ഒന്നാം തീയതി തന്നെ പ്രസിദ്ധീകരിക്കുന്നു. മൂന്നുമാസത്തെ ക്രോഡീകരിച്ച റിപ്പോർട്ട് www.kerala.gov.in-ൽ പ്രസിദ്ധീകരിച്ചു വരുന്നു. 71 റിപ്പോർട്ടുകൾ കേരളസർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇത് വരെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

കഴിഞ്ഞ 5 വർഷങ്ങളിലായി ശേഖരിച്ച പഴം പച്ചക്കറികളിലെ കീടനാശിനി സാന്നിധ്യത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

വർഷം	ശേഖരിച്ച ആകെ സാമ്പിളുകളുടെ എണ്ണം	കീടനാശിനികൾ അടങ്ങിയ ആകെ സാമ്പിളുകളുടെ എണ്ണം	കീടനാശിനി (%)
എപ്രിൽ 2021- മാർച്ച് 2022	1001	298	29.77
എപ്രിൽ 2022- മാർച്ച് 2023	1323	417	31.52
എപ്രിൽ 2023- മാർച്ച് 2024	1036	225	21.72
എപ്രിൽ 2024- മാർച്ച് 2025	783	130	16.60
എപ്രിൽ 2025- മാർച്ച് 2026	775	16	2.06

പരിശോധനയിൽ കീടനാശിനി കണ്ടെത്തിയാലും നിയമ നടപടി എടുക്കാനുള്ള അധികാരം കാർഷിക സർവകലാശാലയ്ക്കില്ല. FSSAI ക്കാണ് അതിനുള്ള പൂർണ അധികാരം നൽകിയിരിക്കുന്നത്. എന്നാൽ ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി അവശിഷ്ട വിഷാംശത്തെക്കുറിച്ചുള്ള ബോധവൽക്കരണം കാർഷിക സർവകലാശാല നിരന്തരം നൽകി വരുന്നു. 2020 നും 2026 നും ഇടയ്ക്ക് 55 ബോധവൽക്കരണ ക്ലാസുകൾ നടത്തപ്പെട്ടു. ആകാശവാണിയിൽ ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും സുരക്ഷിത കീടനാശിനി പ്രയോഗം പ്രചരിപ്പിക്കുന്നതിനുമായി കാർഷിക സർവകലാശാല 5 പരിപാടികൾ സംപ്രേക്ഷണം ചെയ്തു. ദൂരദർശൻ വഴി രണ്ടു പരിപാടികളും സംഘടിപ്പിച്ചു. ഇതോടൊപ്പം പഴം - പച്ചക്കറിക്കളിലെ കീടനാശിനി അവശിഷ്ട വിഷാംശം എളുപ്പത്തിൽ എങ്ങനെ മാറ്റിയെടുക്കാം എന്നതിനെ കുറിച്ച് ഗവേഷണം നടത്തുകയും പഠന ഫലങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുകയും ചെയ്തു വരുന്നു. തുടർച്ചയായി കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് വഴി ഏറ്റവും കൂടുതൽ കീടനാശിനി സാന്നിധ്യം കണ്ടെത്തുന്ന പച്ചക്കറികൾ ഏതെന്നു മനസിലാക്കി അവ സ്വയം വളർത്തുവാനുള്ള അവസരം പൊതു ജനങ്ങൾക്കും കർഷകർക്കും ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം –1

ക്രമനം.	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	പ്രധാന ലക്ഷ്യങ്ങൾ	നടപ്പിലാക്കുന്ന ഏജൻസികൾ	നടപ്പിലാക്കുന്ന ജില്ലകൾ
1	സമഗ്ര പച്ചക്കറി വികസന പദ്ധതി	2012–13	വീട്ടുവളപ്പുകളിൽ നിന്നും സുരക്ഷിത പച്ചക്കറികൾ ഉല്പാദിപ്പിക്കുക. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുക. പോഷകഗുണത്തിലും ഭക്ഷ്യസുരക്ഷയിലും വിട്ടുവീഴ്ച വരുത്താതെ പച്ചക്കറി വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക. പച്ചക്കറി ഉൽപ്പാദനത്തിൽ ചെറുകിട, നാമമാത്ര കർഷകരെ പ്രോത്സാഹിപ്പിക്കുക.	കൃഷി വകുപ്പ് ഫാമുകൾ, വി .എഫ്. പി.സി.കെ., കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി .എൽ.എഫ്.ഒ. നഴ്സറി	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു
2	പോഷക സമൃദ്ധി മിഷൻ	2024–25	പച്ചക്കറികൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, ഇലവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷികൾ വ്യാപിപ്പിക്കുന്നതിനോടൊപ്പം അവ ഭക്ഷണ ശീലത്തിന്റെ ഭാഗമാക്കുന്നതിലൂടെയും	കൃഷി വകുപ്പ് ഫാമുകൾ, വി .എഫ്. പി.സി.കെ., കേരള കാർഷിക സർവ്വകലാശാല	14 ജില്ലകളിലും നടപ്പിലാ

			പൊതുജനാരോഗ്യം ഉറപ്പു വരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വ്യാപനത്തിലൂടെയും ഉത്പാദന വർദ്ധനവിലൂടെയും ഓരോ പ്രദേശത്തിനും അനുയോജ്യമായ പോഷക തളികയുടെ അടിസ്ഥാനത്തിൽ എല്ലാ കുടുംബങ്ങളിലും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുക. ഉത്പാദനം, വിപണനം, മൂല്യ വർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വിഭവ സമാഹരണവും വിപണനവും കാര്യക്ഷമമായി നടത്തി കർഷകരുടെ വരുമാന വർധനവ് ഉറപ്പാക്കി മിഷന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നതിനുള്ള സൗകര്യം വർധിപ്പിക്കുക.	തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി	ക്കി
3	ഞങ്ങളും കൃഷിയിലേയ്ക്ക്	2021–22	കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാക്കുക. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.	കൃഷി വകുപ്പ് ഫാമുകൾ, വി .എഫ്. പി.സി.കെ., കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന,	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു.

				ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി	
4	ജൈവകൃഷിയും ഉത്തമ കൃഷിമുറകളും (Organic Farming and Good Agricultural Practices)	2017–18-ലെ വാർഷിക പദ്ധതിയിൽ പ്രത്യേക ഊന്നലോടെ നടപ്പിലാക്കി	സുരക്ഷിത ഭക്ഷ്യോൽപ്പാദനം, ജൈവകൃഷി, ഉത്തമ കൃഷിമുറകൾ, ജൈവ സർട്ടിഫിക്കേഷൻ, ജൈവവള ഉൽപ്പാദനം, വിപണന പ്രോത്സാഹനം	കൃഷിവകുപ്പ്, കൃഷിഭവനുകൾ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (VFPCK) തുടങ്ങിയവ.	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു
5	ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP) – സുഭിക്ഷം സുരക്ഷിതം പദ്ധതി	2020–21	പ്രകൃതികൃഷി പ്രോത്സാഹിപ്പിക്കുക, രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക, മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുക, പരമ്പരാഗത കൃഷിരീതികൾ സംരക്ഷിക്കുക, PGS-India സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക	കേന്ദ്ര-സംസ്ഥാന കൃഷിവകുപ്പുകൾ, കൃഷിഭവനുകൾ, കർഷക ക്ലസ്റ്ററുകൾ	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു
6	നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)	2024–25-ൽ കേന്ദ്രതലത്തിൽ അംഗീകരിച്ച പദ്ധതി; കേരളത്തിൽ 2025–26-ലെ നടപ്പാക്കൽ പ്രവർത്തനങ്ങൾ	പ്രകൃതികൃഷി വ്യാപിപ്പിക്കുക, കർഷകർക്ക് പരിശീലനവും സാങ്കേതിക സഹായവും നൽകുക, ജൈവ ഉൽപ്പാദനോപാധികളുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുക, ബയോ ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ പ്രോത്സാഹിപ്പിക്കുക	കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയവും സംസ്ഥാന കൃഷിവകുപ്പും.	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു
7	ജൈവ കാർഷിക മിഷൻ	2023-ൽ രൂപീകരണ നടപടികൾ ആരംഭിച്ചു	ജൈവകൃഷി വ്യാപിപ്പിക്കുക, സുരക്ഷിത ഭക്ഷ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുക, ജൈവകൃഷി	സംസ്ഥാന കൃഷിവകുപ്പും ബന്ധപ്പെട്ട സ്ഥാപനങ്ങളും.	14 ജില്ലകളിലും

			പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജൈവ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുക		നടപ്പിലാക്കി വരുന്നു
8	സ്വാശ്രയ സംഘങ്ങളിലൂടെ പഴം പച്ചക്കറിയുടെ, ജൈവകൃഷി	2021-22	ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ജൈവഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില	വി. എഫ്. പി. സി .കെ.	14 ജില്ലകളിലും നടപ്പിലാക്കി വരുന്നു

അനുബന്ധം -2

ക്രമനം.	പദ്ധതിയുടെ പേര്	സാമ്പത്തിക വർഷം									
		2021-22		2022-23		2023-24		2024-25		2025-26	
		അനുവദിച്ച തുക (ലക്ഷം)	ചിലവഴിച്ച തുക (ലക്ഷം)	അനുവദിച്ച തുക (ലക്ഷം)	ചിലവഴിച്ച തുക (ലക്ഷം)	അനുവദിച്ച തുക (ലക്ഷം)	ചിലവഴിച്ച തുക (ലക്ഷം)	അനുവദിച്ച തുക (ലക്ഷം)	ചിലവഴിച്ച തുക (ലക്ഷം)	അനുവദിച്ച തുക (ലക്ഷം)	ചിലവഴിച്ച തുക (ലക്ഷം)
1	വിഷാംശ അവശിഷ്ട പരിശോധന	20	20	20	20	20	20	20	20	10	1.38368
2	ജൈവകൃഷി, & ഹ്രഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്	280.57	274.3476	600	380	600	344.5812	300	299.55908	600	269.51865
3	സുരക്ഷിത പച്ചക്കറി ഉൽപ്പാദനം	6815.70841	6815.70841	4037.11312	4037.11312	4501.24818	4501.24818	3059.14813	3059.14813	3035.79899	3035.79899
4	സുരക്ഷിത പഴ ഉൽപ്പാദനം	1877	1641.5049	1023.41852	1012.45187	1257.53842	1058.79959	816.3566	815.60827	592.19958	592.19950